കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സുൽത്താൻ ബത്തേരി മാസ്റ്റർ പ്ലാൻ വീണ്ടും പ്രസിദ്ധീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം.119 /2019/തസ്വഭവ *തിരുവനന്തപുരം, തീയതി 19 / 09 /2019*

---

*പരാമർശം:* 1. സ.ഉ.(കൈ)നം.85/2018/തസ്വഭവ തീയതി 16.06.18.

2. മുഖ്യനഗരാസൂത്രകന്റെ 25/03/19, 29/7/19 എന്നീ തീയതികളിലെ F2(E2)/8280/12 നമ്പർ കത്തുകൾ

3. സുൽത്താൻ ബത്തേരി നഗരസഭയുടെ 25/06/19-ലെ സാധാരണ യോഗത്തിലെ 2-ാം നമ്പർ തീരുമാനം.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം സുൽത്താൻ ബത്തേരി മാസ്റ്റർ പ്ലാനിന് കേരള നഗര-ഗ്രാമാസൂത്രണ ആക്ട് സെക്ഷൻ 36(3) അനുസരിച്ച് പ്രസിദ്ധീകരണാനുമതി നൽകിയിരുന്നു. എന്നാൽ നഗരസഭയ്ക്ക് വെബ് സൈറ്റ് രൂപീകരിച്ചിരുന്നില്ല എന്നതിനാൽ കേരള നഗര ഗ്രാമാസൂത്രണ ആക്ട് സെക്ഷൻ 36(4) പ്രകാരം സമയബന്ധിതമായി മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിരുന്നില്ല. 16/6/18-ൽ പ്രസിദ്ധീകരണാനുമതി ലഭിച്ച കരട് മാസ്റ്റർ പ്ലാൻ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള 60 ദിവസത്തെ സമയപരിധിയും ആക്റ്റിലെ സെക്ഷൻ 36(11) പ്രകാരം മുഖ്യനഗരാസൂത്രകന്റെ ശിപാർശയോടെ അനുവദിക്കാവുന്ന 6 മാസത്തെ സമയ പരിധിയും 15/2/19-ൽ കഴിഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ നഗരസഭക്ക് വെബ് സൈറ്റ് നിലവിൽ വന്ന സാഹചര്യത്തിൽ, നഗരസഭാ കൗൺസിലിന്റെ പരാമർശം (3) തീരുമാനം പരിഗണിച്ച് സുൽത്താൻ ബത്തേരി മാസ്റ്റർ പ്ലാൻ വീണ്ടും പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 2016-ലെ കേരള നഗരഗ്രാമാസൂത്രണ നിയമം വകുപ്പ് 36(3) പ്രകാരം, സുൽത്താൻ ബത്തേരി മാസ്റ്റർ പ്ലാൻ വീണ്ടും പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സബിത.എസ്.ഡി.
ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, സുൽത്താൻ ബത്തേരി നഗരസഭ.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രകൻ, വയനാട് (മുഖ്യനഗരാസൂത്രകൻ മുഖേന).
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.